LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കാ കർഷകർക്കായി പ്രത്യേക പാക്കേജ്

124 [2741] ശ്രീ. കെ. സി. ജോസഫ്:
,, കെ. ബാബു:
,, എം. എം. ഹസ്സൻ:
,, ലൂഡി ലൂയിസ്:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടയ്ക്കാ കൃഷിക്കാർക്കു വേണ്ടിയുള്ള പാക്കേജിലെ വ്യവസ്ഥകൾ എന്തെല്ലാമെന്നു പറയുമോ;

(ബി) ഈ പാക്കേജ് സംസ്ഥാനത്തൊട്ടാകെയുള്ള അടയ്ക്കാ കൃഷിക്കാർക്കും ബാധകമാണോ;

(സി) ആണെങ്കിൽ അതനുസരിച്ചുള്ള ആനുകൂല്യം എല്ലാ അടയ്ക്കാ കർഷകർക്കും നൽകുവാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) അടയ്ക്കാ കൃഷിക്കാർക്കു വേണ്ടിയുള്ള പാക്കേജിൽ രൂക്ഷമായി മഞ്ഞളിപ്പു രോഗം ബാധിച്ച കവുങ്ങുകളെ വെട്ടി മാറ്റുന്നതിനും ഭാഗികമായി രോഗം ബാധിച്ച മരങ്ങൾക്കുള്ള നല്ല പരിപാലനവും മുറിച്ചു മാറ്റിയ സ്ഥലങ്ങളിൽ ആദായമുള്ള കൃഷി ചെയ്യലും അവയ്ക്കുള്ള ബോധവൽക്കരണ പരിപാടിയുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) ബാധകമാണ്.

(സി) ഇതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ പരിശോധിച്ചു വരുന്നു. കേന്ദ്രാനുമതി ലഭിച്ചാലുടൻ പദ്ധതി നടപ്പാക്കുന്നതാണ്.

മലപ്പുറത്ത് അടയ്ക്കാ സംഭരണ കേന്ദ്രം തുടങ്ങാൻ നടപടി

125 [2742] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അടയ്ക്കാ കർഷകർക്ക് ശരിയായ വില ലഭിക്കുന്നതിന് ഒട്ടേറെ പ്രതിസന്ധികൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രധാന അടയ്ക്കാ ഉല്പാദന കേന്ദ്രമായ മലപ്പുറം ജില്ലയുടെ കിഴക്കൻ പ്രദേശത്ത് അടയ്ക്കാ സംഭരണ കേന്ദ്രം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അടയ്ക്കയ്ക്ക് തറവില പ്രഖ്യാപിക്കുവാനും ഉല്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ സംഭരണം വർദ്ധിപ്പിക്കുവാനും കാംപ്കോക്ക് നിർദ്ദേശം നൽകുമോ;

(ഇ) അടയ്ക്കാ സംഭരണത്തിൽ ഇടത്തട്ടുകാരുടെ ചൂഷണവും എല്ലാ സീസണിലും അടയ്ക്ക ശേഖരിക്കാത്തതുമൂലമുള്ള പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) രോഗം ബാധിച്ച അടയ്ക്കാ മരങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാനും വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം ജില്ലയിൽ തിരൂരിൽ കാംപ്കോയുടെ അടയ്ക്കാ സംഭരണ കേന്ദ്രം ഇപ്പോൾ നിലവിലുണ്ട്.

(ഡി) അടയ്ക്കയ്ക്ക് തറവില പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. കാംപ്കോ 20 കേന്ദ്രങ്ങളിലായി 7-3-2005 വരെ 34952442 ക്വിന്റൽ അടയ്ക്ക 9151 കർഷകരിൽ നിന്നും സംഭരിച്ചു കഴിഞ്ഞു. 2004-05 വർഷത്തിൽ 10,000 ടൺ അടയ്ക്കാ സംഭരിക്കുന്നതിനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

(ഇ) കൃഷിഭവനിൽ നിന്നും നല്കുന്ന പ്രൊഡക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കാംപ്കോ അടയ്ക്കാ സംഭരണം നടത്തുന്നത്. ആയതിനാൽ ഇടത്തട്ടുകാരുടെ ചൂഷണം അടയ്ക്കാ സംഭരണത്തിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അടയ്ക്കാ മരങ്ങൾക്ക് പരിരക്ഷ നൽകിവരുന്നുണ്ട്. കായ്ഫലമുള്ള അടയ്ക്ക മരങ്ങൾക്ക് ഒരു മരത്തിന് ഒരു വർഷത്തേക്ക് ഒരു രൂപയും, 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപയുമാണ് പ്രീമിയം നിരക്ക്. നഷ്ടപരിഹാരത്തുകയായി ഒരു മരത്തിന് 100 രൂപയാണ് നൽകി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ രോഗം ബാധിച്ച കവുങ്ങുകൾക്ക് നഷ്ടപരിഹാരം നൽകി അടയ്ക്കാ കർഷകരെ സഹായിക്കുന്നതിന് അഡീഷണൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായ പദ്ധതി പ്രകാരം, രോഗം ബാധിച്ച കവുങ്ങ് വെട്ടിമാറ്റുന്നതിന് കവുങ്ങ് ഒന്നിന് 100 രൂപ ധനസഹായം നൽകുന്നതാണ്. രൂക്ഷമായി രോഗം ബാധിച്ച മലബാർ മേഖലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

വാനില കർഷകരുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

126 [2743] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദാലി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാനില കർഷകർ നേരിടുന്ന നഷ്ടം വൻതോതിൽ വർദ്ധിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രശ്നം പരിഹരിക്കാനും ഇവരെ സഹായിക്കാനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജൈവവളം ലഭ്യമാക്കാൻ നടപടി

127 [2744] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവളം ഉപയോഗിച്ചു ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്കും, മറ്റു ഭക്ഷ്യവസ്തുക്കൾക്കും ഡിമാന്റ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ജൈവവളം ഉപയോഗിച്ചു കൃഷിചെയ്യുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതിനു എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly